നമ്പർ.എസ്.എസ്.ജി.2/48/റ്റിസി/2019

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

**തീയതി: 27.06.2019**

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

സർ,

വിഷയം:- ***മോട്ടോർ വാഹന വകുപ്പ്*** – എച്ച്.എസ്.ആർ.പി. നൽകുന്നത് – സംബന്ധിച്ച്

സൂചന:- ഈ ഓഫീസിൽ നിന്നുള്ള എസ്.എസ്.ജി.2/48/റ്റിസി/2019 നമ്പർ 21.06.2019 – ലെ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വാഹൻ -ലൂടെ രജിസ്റ്റർ ചെയ്ത വാഹനങ്ങൾക്ക് എച്ച്.എസ്.ആർ.പി. നിർബന്ധമാക്കിയതിനാൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുവാൻ കാലതാമസം നേരിടുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുകയും, ആയതിനാൽ രജിസ്റ്റർ ചെയ്ത് 24 മണിക്കൂറിനകം നമ്പർ പ്ലേറ്റ് ഘടിപ്പിക്കുവാനുള്ള സംവിധാനം ചെയ്യാത്ത ഡീലർമാരിൽ നിന്നും രജിസ്ട്രേഷനുള്ള അപേക്ഷകൾ 27.06.2019 മുതൽ സ്വീകരിക്കേണ്ടതില്ല എന്ന് സൂചന പ്രകാരമുള്ള ഉത്തരവിൽ നിഷ്കർഷിച്ചിരുന്നു. ഇത് സംബന്ധിച്ച് 25.06.2019 –ൽ ട്രാൻസ്പോർട്ട് കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ ഡീലർമാരുമായി നടന്ന യോഗത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു:

1) നിലവിലുള്ള പെൻഡിംഗ് രജിസ്ട്രേഷനുകൾ ഡീലർമാർ എച്ച്.എസ്.ആർ.പി. ഘടിപ്പിച്ച് 08.07.2019 –ന് മുൻപ് തീർപ്പാക്കേണ്ടതാണ്.
2) 08.07.2019 –ന് ശേഷം വരുന്ന പുതിയ രജിസ്ട്രേഷനുകൾ ഏഴ് ദിവസങ്ങൾക്കകം എച്ച്.എസ്.ആർ.പി. ഘടിപ്പിച്ച് ഡീലർമാർ നൽകേണ്ടതാണ്.

മേൽ ഉത്തരവ് ഈ രീതിയിൽ പുതുക്കിയിരിക്കുന്നു.

വിശ്വസ്തതയോടെ,
(ഒപ്പ്/-)
ട്രാൻസ്പോർട്ട് കമ്മീഷണർ

പകർപ്പ്:- എല്ലാ ഡീലർമാർക്കും.

അംഗീകാരത്തോടെ,

27/6/19

സീനിയർ സൂപ്രണ്ട്
ഐ എൽ

മോട്ടോർ വാഹന വകുപ്പ്, കേരള